പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2008

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

495/2008.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ബിൽ

2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അൻപത്തിയൊൻപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്ടിന് 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2008 ജൂൺ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 14-ാം വകുപ്പിന്റെ ഭേദഗതി.—2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ (2003-ലെ 27) ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിപ്പെടുക), 14-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിൽ, "രണ്ടുരൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾക്കുപകരം, "ആറുരൂപയുടെ മൂല്യമുള്ള" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 17-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 17-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പിൽ, "ഇരുനൂറുരൂപ" എന്ന വാക്കുകൾക്കുപകരം, "നാനൂറുരൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 20) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

495/2008.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ഒരംഗത്തിന് ലഭിക്കാവുന്ന പരമാവധി ക്ഷേമനിധി തുക ഒരു ലക്ഷം രൂപയിൽ നിന്നും രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

പ്രസ്തുത സർക്കാർ തീരുമാനം നടപ്പിലാക്കുവാൻ 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലെ 14-ഉം 17-ഉം വകുപ്പുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം 2 രൂപയിൽ നിന്നും 6 രൂപയായും, ക്ഷേമനിധി ഫണ്ടിൽ ഓരോ അംഗവും അടയ്ക്കേണ്ട വാർഷിക വരിസംഖ്യ 200 രൂപയിൽ നിന്ന് 400 രൂപയായും വർദ്ധിപ്പിക്കുവാനും സർക്കാർ തീരുമാനിച്ചു.

കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമ നിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും 2008-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2008-ലെ 20), 2008 ജൂൺ മാസം 10-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും, 2008 ജൂൺ മാസം 10-ാം തീയതിയിലെ 1165-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും, പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

എം. വിജയകുമാർ.

## 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(2003-ലെ 27-ാം ആക്റ്റ്)

**                    **                    **

14. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്.—(1) കമ്മിറ്റി, രണ്ട് രൂപയുടെ മൂല്യമുള്ള, നിർണ്ണയിക്കപ്പെടാവുന്ന അത്തരം രൂപത്തിലും അത്തരം രീതിയിലുമുള്ളതും "കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ, സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കേണ്ടതാണ്.

**                    **                    **

17. ഫണ്ടിലെ അംഗത്വം.—(1) സംസ്ഥാനത്തെ ഓരോ അഡ്വക്കേറ്റ് ക്ലാർക്കും ഫണ്ടിലെ അംഗമായി പ്രവേശിക്കുന്നതിന് നിർണ്ണയിക്കപ്പെട്ട അങ്ങനെയുള്ള ഫാറത്തിലും രീതിയിലും കമ്മിറ്റിയോട് അപേക്ഷിക്കാവുന്നതാണ് :

എന്നാൽ കേന്ദ്ര സർക്കാരിന്റെയോ സംസ്ഥാന സർക്കാരിന്റെയോ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനത്തിന്റെയോ, സർവ്വീസിൽനിന്ന് റിട്ടയർമെന്റ് ആനുകൂല്യങ്ങളോടുകൂടി വിരമിച്ചശേഷം അഡ്വക്കേറ്റ് ക്ലാർക്കായി ഉദ്യോഗം വഹിക്കുന്ന യാതൊരാൾക്കും, ഈ ഫണ്ടിൽ അംഗത്വത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

**                    **                    **

(5) ഓരോ അംഗവും ഫണ്ടിലേക്ക് വാർഷിക വരിസംഖ്യയായി ഇരുന്നൂറ് രൂപ എല്ലാ വർഷവും ജൂൺ 30-ാം തീയതിയോ അതിനുമുമ്പോ നൽകേണ്ടതാണ്.

**                    **                    **